# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:990.

05.02.2020-ലെ മറുപടി

### ആരക്കുഴ-പാലക്കുഴ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോ എബ്രഹാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പൈങ്ങോട്ടൂർ കുടിവെള്ള പദ്ധതിയുടെയും ആരക്കുഴ-പാലക്കുഴ കുടിവെള്ള പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | പൈങ്ങോട്ടൂർ കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തി-നാവശ്യമായ സ്ഥലം പൊതകുളം എന്ന സ്ഥലത്താണ് കണ്ടെത്തിയിരിക്കുന്നത്. ടി സ്ഥലം ഫോറസ്റ്റ് വകുപ്പിന്റെ അധീനതയിലുള്ളതാണ്. ടി സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് വിട്ടു നൽകുന്ന-തിലേക്കായുള്ള അപേക്ഷ നൽകുകയും ആയതിന്റെ നടപടി ക്രമങ്ങൾ ഫോറസ്റ്റ് വകുപ്പിൽ നടന്നു വരുകയുമാണ്. സ്ഥലം വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന മുറയ്ക്കേ നിർമ്മാണ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കു-കയുള്ളൂ.<br><br>ആരക്കുഴ-പാലക്കുഴ കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങളുടേയും, പമ്പിങ് മെയിനിന്റേയും, വിതരണ ടാങ്കുകളുടേയും നിർമ്മാണത്തിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പമ്പിങ് മെയിനുകളുടേയും വിതരണ ടാങ്കുകളുടേയും നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞിരി- |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ക്കുകയാണ്. ജല ശുദ്ധീകരണശാലയിലെ ട്രാൻസ്ഫോർമർ, മോട്ടോറുകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. വിതരണ ശൃംഖലക്കു വേണ്ടി ഭാഗികമായ പൂർത്തീകരണത്തിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 189 ലക്ഷം രൂപയുടേയും, MLASDF ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടേയും അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യത്തെ ഭാഗം പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ- എസ്.ഡി. എഫ്-ൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് ഭരണാനുമതി 30.1.2020-ൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉടനെ ടെണ്ടർ ചെയ്യാനുള്ള നടപടികൾ ജല അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഇവ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | പൈങ്ങോട്ടൂർ കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽനിന്നും 2882 ലക്ഷം രൂപയുടെ അനുമതിയും ആരക്കുഴ-പാലക്കുഴ കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകത്തിനായി നബാർഡിൽ നിന്ന് 1350 ലക്ഷം രൂപയുടേയും, വിതരണശൃംഖലയ്ക്കായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്ന് 186.8 ലക്ഷം രൂപയുടേയും, എം.എൽ.എ- എസ്.ഡി.എഫ്-ൽ നിന്ന് ആരക്കുഴ-പാലക്കുഴ റോഡിൽ വിതരണ പൈപ്പ് സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയുടേയും അനുമതി നൽകിയിട്ടുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ 2 വർഷത്തിനകം പൈങ്ങോട്ടൂർ പദ്ധതി പൂർത്തീകരിക്കുവാനും ആരക്കുഴ-പാലക്കുഴ പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ച് 2020 സെപ്റ്റംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ